കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം

38 [1243] ശ്രീ. കടവൂർ ശിവദാസൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. സുധാകരൻ :
,, എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ഈ വർഷം കോർപ്പറേഷന്റെ ടേൺ ഓവറിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ വർഷം ഇതുവരെയുള്ള ടേൺ ഓവർ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) 21-2-2005 വരെയുള്ള ടേൺ ഓവർ 10.73 കോടി രൂപയാണ്.

കൈത്തറിത്തൊഴിലാളികളെ സഹായിക്കുവാനുള്ള പദ്ധതി

39 [1244] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികളെ സഹായിക്കുവാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് കൈത്തറി തൊഴിലാളികളെ സഹായിക്കുവാനുള്ള എന്തെല്ലാം പരിപാടികളാണ് കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഇതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് ഇതിനകം എന്ത് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൈത്തറി തൊഴിലാളികളെ സഹായിക്കുവാൻ നിലവിലുള്ള സംസ്ഥാന പദ്ധതികൾ † അനുബന്ധം ഒന്നായും കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുബന്ധം രണ്ടായും ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന എല്ലാ കേന്ദ്ര സഹായ പദ്ധതികളും കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്.

(സി) ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തെ 8175 നെയ്ത്തു തൊഴിലാളികൾക്ക് പ്രയോജനം ചെയ്യുന്ന 23.33 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഇതേ പദ്ധതി പ്രകാരം തന്നെ 2001-02 മുതൽ 2004-05 വരെ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ 41.97 കോടി രൂപ പ്രാഥമിക സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സഹകരണ മേഖലയിലെ നെയ്ത്തു തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സഹായകരമായിട്ടുണ്ട്.

ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം പ്രകാരം കേരളത്തിലെ 5 സംഘങ്ങളിൽ 2.12 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ 837 നെയ്ത്തു കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

ഹൗസ്-കം-വർക്ക് ഷെഡ് സ്കീം പ്രകാരം 2001-02 മുതൽ 2003-04 വരെ 1633 വർക്ക് ഷെഡും 371 ഹൗസ്-കം-വർക്ക് ഷെഡും നിർമ്മിക്കാൻ 1,51,53,000 (ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തി അൻപത്തിമൂന്നായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ആകെ 2004 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം പ്രകാരം 2001-02 മുതൽ 2003-04 വരെ 10343 നെയ്ത്തുകാർക്ക് പ്രയോജനം ലഭിക്കുന്ന വിധം 91,96,209 (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഇരുനൂറ്റി ഒൻപത്) രൂപ വിതരണം ചെയ്യുകയുണ്ടായി. ഇതു കൂടാതെ ഹെൽത്ത് പാക്കേജ് പദ്ധതിപ്രകാരം 2001-02 മുതൽ 2003-04 വരെ 13678 പേർക്ക് 4635438 രൂപയുടെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

"പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുവാൻ പദ്ധതി"

40 [1245] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. സി. ജോസഫ് :
,, സി. പി. മുഹമ്മദ് :
,, ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനിക സാങ്കേതിക വിദ്യയുടെ വെളിച്ചത്തിൽ നവീകരിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

† അനുബന്ധം VI, VI A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[28-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 39 (1244)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാന പദ്ധതികൾ

1. ഭരണവും നടത്തിപ്പും.
2. വിപണന കയറ്റുമതി ഉന്നമന പദ്ധതി.
3. പരിശീലനവും വികസനവും.
4. യന്ത്രത്തറി നെയ്ത്തിന്റെ നവീകരണവും വൃവസായവൽക്കരണവും.
5. ഉല്പാദനോൻമുഖ പദ്ധതികൾ.
6. ഉല്പന്ന വികസനവും കഴിവുകൾ മെച്ചപ്പെടുത്തലും.
7. കലാപരമായ കൈത്തറി ഉല്പന്നങ്ങളുടെ വിപുലീകരണം.
8. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ.
9. കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ.
10. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ ഓഹരി പങ്കാളിത്തം.
11. കൈത്തറി മേഖലയിലെ ഉദ്യമകർത്താക്കൾക്ക് മൂലധന വായ്പകൾ.
12. യന്ത്രത്തറികളിൽ പരിശീലനം.
13. പുതുതായി തുടങ്ങുന്ന പവ്വർലൂമുകൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം.
14. പുതിയ യന്ത്രത്തറി വ്യവസായങ്ങൾക്കുള്ള മാർജിൻമണി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI A

[28-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 39 (1244)-ന്റെ ഉത്തരം ദയവായി കാണുക]

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ദീൻദയാൽ കൈത്തറി വികസന പദ്ധതി (50%).
2. കയറ്റുമതി ഉല്പന്നങ്ങളുടെ വികസനവും വില്പനയും (75%).
3. കൈത്തറി നെയ്ത്തുകാർക്ക് വീടും പണിശാലയും നിർമ്മിക്കുന്ന പദ്ധതി (100%).
4. കൈത്തറി നെയ്ത്തുകാർക്ക് ആരോഗ്യ പരിപാടി (100%).
5. എൻഫോഴ്സ്മെന്റ് മെഷിനറി സജ്ജീകരിക്കുന്നതിനുള്ള പദ്ധതി (100%).
6. അംശദാന മിതവ്യയ ഫണ്ട് (50%).
7. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50%).
8. യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50%).
9. സമഗ്ര കൈത്തറി പരിശീലനം (100%).
10. പരിസ്ഥിതിക്കനുയോജ്യമായ കൈത്തറി വസ്തുക്കളുടെ നിർമ്മാണം
11. കഴിനൂലിന്മേലുള്ള കേന്ദ്ര മൂല്യവർദ്ധിത നികുതിയിനത്തിൽ ചെലവായ തുക തിരിച്ചു കൊടുക്കൽ.

LIBRARY ARCHIVES Kerala Legislative Assembly